പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1033

01-07-2015 - ൽ മറുപടി പറയേണ്ടിയിരുന്നത്

# സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം

**ചോദ്യം**

ശ്രീ.എൻ. എ. നെല്ലിക്കുന്ന്
ശ്രീ. റ്റി. എ. അഹമ്മദ് കബീർ
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**ഉത്തരം**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ഉന്നത വിദ്യാഭ്യാസത്തിനുള്ള പ്രവേശനാനുപാതം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കുറവാണെന്നതുകൊണ്ട് ഉന്നതവിദ്യാഭ്യാസ രംഗത്ത് നാം പുറകിലേക്ക് പോകുന്നു എന്ന ആരോപണം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ യഥാർത്ഥ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ)ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം പിന്നോട്ടുപോയി എന്നു പറയാനാവില്ല. 2009-10 -ൽ പ്രവേശന അനുപാതം (GER) 13.8 ആയിരുന്നത് 2010-11 - ൽ 19.4 ലും, 2014-15 -ൽ 24% ൽ കൂടുതൽ ആണ്. 2012-13 ൽ ഇന്ത്യയുടെ (GER) 18% ആയിരുന്നു. എന്നാൽ കേരളത്തിന്റേത് 21.9% ആണ്. |
| ബി) വിദ്യാഭ്യാസ രംഗത്ത് മാറിവരുന്ന പ്രവണതകൾക്കും, സാമൂഹ്യ ആവശ്യകതയ്ക്കും അനുസരിച്ചും സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾക്കനുസൃതമായ മാറ്റങ്ങൾക്ക് കാലവിളംബം വന്നതുമൂലവും പ്രസ്തുത മേഖലയ്ക്ക് ലഭിക്കേണ്ട സാമ്പത്തിക സഹായങ്ങൾ | (ബി) വിദ്യാഭ്യാസ രംഗത്ത് മാറിവരുന്ന പ്രവണതകൾക്കും, സാമൂഹ്യ ആവശ്യകതയ്ക്കും, സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾക്കനുസൃതവുമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ വിവിധ പരിപാടികൾ സർക്കാർ ആവിഷ്കരിച്ച് |

| | |
|---|---|
| നഷ്ടമായെന്ന കണ്ടെത്തലുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ; | നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ റൂസ സംസ്ഥാനത്ത് നടപ്പാക്കുകയും 15 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്കും 4 സർവ്വകലാശാലകൾക്കും 110 കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റ് ലഭ്യമാക്കുകയും ചെയ്തു. |
| സി) ഉന്നത വിദ്യാഭ്യാസ മേഖല കാലികവും ചലനാത്മകവുമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൌൺസിൽ ഉന്നത വിദ്യാഭ്യാസ മേഖല കാലികവും ചലനാത്മകവുമാക്കാൻ പുതുമയുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് അക്രഡിറ്റേഷൻ & അസ്സസ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഫാക്കൽറ്റി ട്രെയിനിംഗ് അക്കാഡമി ആരംഭിക്കുന്നതിനും ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരാനുമുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു. വിവിധ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകി. വിദ്യാർത്ഥികൾക്ക് കൂടുതൽ അക്കാദമിക സ്വാതന്ത്ര്യം നൽകുന്നതിനായും അന്തർ-വൈജ്ഞാനിക പഠനം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ മാതൃകയിലുള്ള പാഠ്യരീതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ